**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 449** **28-06-2022 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന ഫണ്ട് ടെണ്ടർ സേവിംഗ്സ്**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എ. രാജ</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ദേവികുളം മണ്ഡലത്തിൽ 2016-21 സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ആകെ ടെണ്ടർ തുക എത്ര രൂപയാണ്;</td><td>(എ)</td><td>വിവരം ശേഖരിച്ച് വരുന്നു .</td></tr>
<tr><td>(ബി)</td><td>ഓരോ സാമ്പത്തിക വർഷത്തിലും ഉണ്ടായ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശദാംശം നൽകാമോ;</td><td>(ബി)</td><td>നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖയായ 04.08.2018 ലെ സ.ഉ.(അച്ചടി) നം.119/2018/ധന പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് അനുമതിയുള്ളത്.<br><table><tr><th>വർഷം</th><th>തുക</th></tr><tr><td>2017-18</td><td>2,61,351/-</td></tr><tr><td>2018-19</td><td>8,09,551/-</td></tr><tr><td>2019-20</td><td>10,00,881/-</td></tr><tr><td>2020-21</td><td>1,80,101/-</td></tr><tr><td>ആകെ</td><td>22,51,884/-</td></tr></table></td></tr>
<tr><td>(സി)</td><td>ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ലഭിച്ച തുക വിനിയോഗം ചെയ്യുന്നതിനുള്ള പ്രത്യേക മാർഗരേഖ എങ്ങനെയെന്ന് വിശദമാക്കാമോ?</td><td>(സി)</td><td>നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018 ലെ സ.ഉ.(അച്ചടി) നം.119/2018/ധന, ഖണ്ഡിക 2.8 പ്രകാരം ടെൻഡർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ മാത്രമാണ് പ്രാബല്യമുള്ളത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.8 ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്തു കൊണ്ട് 31.03.2022 തീയതിയിലെ സ.ഉ.(അച്ചടി) നം.40/2022/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടാകുന്ന ടെൻഡർ</td></tr>
</table>

| | | | |
|---|---|---|---|
| | | | **സേവിംഗ്സ് എത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്തുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെൻഡർ എക്സസിന് വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ